(ഇ) തിരുവനന്തപുരത്ത് സിറ്റിയിൽ മൂന്നു പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കോവളം പി. എസ്. ക്രൈം. 165/03 പ്രതി നെല്ലിമൂട് സ്വദേശി രവീന്ദ്രൻ.

2. തിരുവല്ലം പി. എസ്. ക്രൈം. 4/04. പ്രതികൾ പൂങ്കുളം സ്വദേശി സുരേഷ്ബാബു, തിരുവല്ലം സ്വദേശി സാംബൻ.

(എഫ്) മയക്കുമരുന്ന് സൂക്ഷിച്ചിട്ടുള്ളതായി വിവരം ലഭിച്ചാൽ റെയ്ഡുകൾ നടത്തിയും വിൽപ്പനയ്ക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തിയും, നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മയക്കുമരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുപോരുന്നു.

പോലീസ് നിയമം ലംഘിച്ച് അരാജകത്വം വർദ്ധിപ്പിക്കുന്നത് തടയാൻ നടപടി

*21 [321] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. എൻ. എ. ഖാദർ :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, സി. ടി. അഹമ്മദ് അലി :
,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിയമപാലകരായ പോലീസുകാർ തന്നെ നിയമം ലംഘിച്ചാൽ അത് ഗൗരവപൂർവം കണക്കാക്കി ജനങ്ങൾക്ക് ഇതേ കുറ്റത്തിന് കൊടുക്കുന്ന ശിക്ഷയേക്കാളും മുന്നിരട്ടി ശിക്ഷ നൽകാൻ നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്നതിന് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്യന്തം ഗൗരവതരമായ ഈ നിയമഭേദഗതി എന്നത്തേക്ക് നടത്താനാകും;

(സി) നിയമം ലംഘിച്ച് പോലീസ് നാട്ടിൽ അരാജകത്വം വർദ്ധിപ്പിക്കുന്നത് തടയാൻ വേറെ എന്തെങ്കിലും നിയമമാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ;

(ഡി) എങ്കിൽ അത് എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പോലീസ് ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയാൽ അത്തരക്കാർക്ക് എതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതായ സംഭവങ്ങളിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ഇതേ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റത്തിന് നൽകുന്ന ശിക്ഷയേക്കാളും മുന്നിരട്ടി ശിക്ഷ നൽകേണ്ടതുള്ളതായി സർക്കാർ കരുതുന്നില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി & ഡി) നിയമലംഘനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾതന്നെ പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാരുടെ പ്രശ്നങ്ങൾ

*22 [322] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിവിധ പെൻഷനേഴ്സ് സംഘടനകൾ നല്കിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഇന്നത്തെ പെൻഷൻ സംവിധാനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിൽ പുതിയ പെൻഷൻ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ:

(ഇ) പെൻഷൻകാരുടെ ചികിത്സാ പദ്ധതി, ക്ഷേമ പദ്ധതി, ബോണസിനു തുല്യം ഉത്സവ ബത്ത, 5 വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കാരം എന്നീ നിർദ്ദേശങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.